നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 601 28.09.2011 - ന് മറുപടിക്ക്

കാസർഗോഡ് ജില്ലയിൽ മെഡിക്കൽ കോളേജ്

ചോദ്യം

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

മറുപടി

ശ്രീ. അടൂർ പ്രകാശ്
(ആരോഗ്യവും കായികവും വകുപ്പുമന്ത്രി)

(എ) 2011-12 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ കാസർഗോഡ് ജില്ലയിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ടോ;

(എ) 2011-12 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ കാസർഗോഡ് ഉൾപ്പെടെ നാല് പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ തീരുമാനിക്കുകയും 08.07.2011 - ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയും 5 കോടി രൂപ നീക്കി വയ്ക്കുകയും ചെയ്തിട്ടുണ്ട്. 2011-12- ലെ ഭേദഗതി ബഡ്ജറ്റിൽ പുതിയ മെഡിക്കൽ കോളേജ് നിർമ്മാണത്തിനായി 10 കോടം രൂപ വകയിരുത്തിയിട്ടുമുണ്ട്.

(ബി) മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി പൂർത്തിയാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

(ബി) പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്നതിനുവേണ്ടി സർജറി വിഭാഗം തലവൻ പ്രൊഫസർ ഡോ. പി.കെ. പിള്ളയെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ